പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3125 **29-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേശ്വരം മണ്ഡലത്തിലെ തലപ്പാടിയിൽ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതിക്കായി കൈമാറ്റം ചെയ്ത ഭൂമി സർക്കാർ ഉടമസ്ഥതയിലുള്ളതാണെങ്കിൽ അത് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡിനോ റെസ്റ്റ് സ്റ്റോപ്പ് പ്രൈവറ്റ് ലിമിറ്റഡിനോ കൈമാറിയിട്ടുണ്ടോ; കൈമാറ്റം പൂർത്തിയായിട്ടില്ലെങ്കിൽ നിലവിലെ നടപടികളുടെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

മറുപടി: കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്തെ ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 2.2009 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി, പാതയോര അമിനിറ്റി സെന്റർ (Rest stop) സ്ഥാപിക്കുന്നതിന് മാത്രമായി നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKHIL) - ന് പതിച്ച് നൽകി 29.10.2022 തീയതിയിലെ സ.ഉ.(കൈ)നം.254/2022/RD, 25.01.2024 ലെ സ.ഉ(കൈ)നം.25/2024/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം മഞ്ചേശ്വരം തഹസിൽദാരുടെ 20.07.2024 തീയതിയിലെ L1-237553/2024 പ്രകാരം പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി കൈമാറുന്നതിനോ ദീർഘകാല പാട്ടത്തിന് നൽകുന്നതിനോ ഉപയോഗാവകാശം അനുവദിക്കുന്നതിനോ അടിസ്ഥാനമായ സർക്കാർ ഉത്തരവ്, നിയമവ്യവസ്ഥ, ചട്ടം, നയം എന്നിവ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

മറുപടി: നിലവിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും, 1995 ലെ കേരള മുൻസിപ്പൽ -കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ട പ്രകാരവുമാണ് നടപടികൾ സ്വീകരിക്കുന്നത്.

(സി) പ്രസ്തുത ഭൂമി വാണിജ്യസ്വഭാവമുള്ള ഭക്ഷണശാലകൾ, ഇന്ധനനിലയം, റീട്ടെയിൽ കടകൾ, ക്ലിനിക്, മറ്റ് സേവനസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന പദ്ധതിക്കായി ഉപയോഗിക്കുന്നതിന് ഭൂമിയുടെ അടിസ്ഥാന ഉപയോഗവിഭാഗത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോ; ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ അനുമതികൾ ആണ് വേണ്ടതെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അനുമതികൾ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: പാതയോര അമിനിറ്റി സെന്റർ (Rest stop) സ്ഥാപിക്കുന്നതിന് മാത്രമായി നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്കാണ് ഭൂമി പതിച്ചു നൽകിയത്.

(ഡി) ഭൂമി കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ കൈമാറ്റത്തിന്റെ സ്വഭാവം, കാലാവധി, പാട്ടത്തുക അല്ലെങ്കിൽ മറ്റ് സാമ്പത്തിക വ്യവസ്ഥകൾ, ഭൂമിയുടെ മൂല്യനിർണയം എന്നിവ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

മറുപടി: ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 2.2009 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി, പാതയോര അമിനിറ്റി സെന്റർ (Rest stop) സ്ഥാപിക്കുന്നതിന് മാത്രമായി നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKHIL) പതിച്ച് നൽകിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഭൂമിയുടെ വിലയായി നിശ്ചയിച്ചത് 6,47,59,860/- രൂപയാണ്.

(ഇ) സർക്കാർ ഭൂമി കൈമാറുന്നതിന് മുമ്പ് റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർ തുടങ്ങിയ അധികാരികളുടെ പരിശോധനയും റിപ്പോർട്ടുകളും ലഭിച്ചിട്ടുണ്ടോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

മറുപടി: ലഭിച്ചിട്ടുണ്ട്. പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(എഫ്) ഭൂമി കൈമാറ്റത്തിനോ ഉപയോഗത്തിനോ സർക്കാർ പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശവും ആയതിന് സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കാമോ;

മറുപടി: 25.01.2024 - ലെ സ.ഉ(കൈ)നം. 25/2024/RD പ്രകാരം "ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല" എന്ന വ്യവസ്ഥ ഒഴിവാക്കി പകരം "ഭൂമി സ്വമേധയാ വില്പന മൂലം കൈമാറ്റം ചെയ്യാൻ പാടില്ല, എന്നാൽ ഭൂമിയുടെ ഈടിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാവുന്നതാണ്" എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ജി) പ്രസ്തുത ഭൂമി, പദ്ധതിക്കായി അനുവദിക്കുന്നതിലൂടെ സർക്കാരിന് ലഭിക്കുന്ന സാമ്പത്തിക നേട്ടം എന്താണ്; ഭൂമി പാട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥയിലോ നൽകിയിട്ടുണ്ടെങ്കിൽ സർക്കാരിന് ലഭിക്കേണ്ട തുക എത്രയാണ്; വ്യക്തമാക്കാമോ?

മറുപടി: പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി ബാധ്യതകൾ ഒഴിവാക്കി, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡിന് കമ്പോളവിലയ്ക്ക് പതിച്ചു നൽകുന്നതിന് അനുമതി നൽകിയും നിയമ - ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വില കമ്പനിയുടെ ഷെയറുകളായി സർക്കാരിന് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തിയുമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സ്ഥല വിലയായ 6,47,59,860/- രൂപ 1000 രൂപ മൂല്യമുള്ള ഷെയർ ആയും ബാക്കിയായി വരുന്ന 860/- രൂപ സ്ഥലവിലയായി ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ